**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 346** **27-01-2026 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | അതിദാരിദ്ര്യമെന്നത് വരുമാനത്തിന്റെ അഭാവം മാത്രമല്ലെന്നും ശേഷികളുടെ അഭാവം മൂലം അടിസ്ഥാന സ്വാതന്ത്ര്യം തന്നെ നിഷേധിക്കപ്പെടുന്ന അവസ്ഥയാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അതിദാരിദ്ര്യം എന്നത് വരുമാനത്തിന്റെ അഭാവം മാത്രമായി കാണാനാകില്ല; മറിച്ച് വ്യക്തികളുടെയും കുടുംബങ്ങളുടെയും അടിസ്ഥാന ശേഷികളും സ്വാതന്ത്ര്യങ്ങളും തന്നെ നിഷേധിക്കപ്പെടുന്ന അവസ്ഥയാണെന്നതാണ് ഇന്ന് പൊതുവായി അംഗീകരിക്കപ്പെടുന്ന സമീപനം. വരുമാനം ഇല്ലായ്മ പലപ്പോഴും ജോലി ചെയ്യാനുള്ള പ്രാപ്തി കുറവായതുകൊണ്ടോ, ആസ്തികളിൽ നിന്നൊരു വരുമാനവും ലഭിക്കാത്തതുകൊണ്ടോ ഉണ്ടാകുന്നു. ആരോഗ്യപ്രശ്നങ്ങൾ തൊഴിൽ എടുക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും, ചികിത്സാ ചെലവുകൾ, വീട്ടുചെലവുകൾ എന്നിവ വരുമാനത്തേക്കാൾ വളരെ കൂടുതലാകുന്നതിനും കാരണമാകുകയും ചെയ്യുന്നു. ഇതോടൊപ്പം ഭാരിച്ച കടബാധ്യതകൾ കുടുംബങ്ങളെ അതിദാരിദ്ര്യത്തിലേക്ക് തള്ളി വിടുകയും, ആസ്തികളും വരുമാനസാധ്യതകളും പൂർണ്ണമായും നഷ്ടപ്പെടുന്ന അവസ്ഥയിലേക്കും നയിക്കാറുണ്ട്.<br>അതിദാരിദ്ര്യത്തിന്റെ ഏറ്റവും പ്രകടമായ രൂപം വിശപ്പാണ്. ഭക്ഷണം വാങ്ങാനുള്ള സാമ്പത്തികശേഷി ഇല്ലായ്മ, സർക്കാർ നൽകുന്ന ഭക്ഷ്യധാന്യങ്ങൾ പോലും ലഭിക്കാത്തത്, അല്ലെങ്കിൽ ഭക്ഷണം പാചകം ചെയ്ത് കഴിക്കാൻ ആവശ്യമായ ശാരീരികമോ സാമ്പത്തികമോ ശേഷി ഇല്ലാത്തത് മൂലം ഒരു കുടുംബം കടുത്ത പട്ടിണിയിലേക്കു നീങ്ങാം. അതുപോലെ, താമസം മാറ്റാൻ കഴിയാത്തതിനാൽ അതിദുസ്സഹമായതോ അപകടകരമായതോ ആയ ജീവിത സാഹചര്യങ്ങളിൽ കഴിയേണ്ടിവരുന്നതും അതിദാരിദ്ര്യത്തിന്റെ മറ്റൊരു പ്രതിഫലനമാണ്. സ്ഥിരമായ വാസസ്ഥലം ഇല്ലാത്തതിനാൽ തെരുവുകളിലും കടത്തിണ്ണകളിലും പൊതു ഇടങ്ങളിലും |

ജീവിതം കഴിച്ചുകൂട്ടുന്നവരും ഇതിന്റെ ഭാഗമാണ്. ചുരുക്കത്തിൽ, അതിദാരിദ്ര്യം ഏറ്റവും രൂക്ഷമായി പ്രകടമാകുന്നതിന് പിന്നിൽ പ്രവർത്തിക്കുന്ന പ്രധാന ഘടകങ്ങൾ ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യസ്ഥിതി എന്നിവയുടെ അഭാവമാണ്. രോഗാതുരത ഉയർന്ന നിലയിൽ നിൽക്കുന്ന കേരളത്തിൽ കരൾ, വൃക്ക, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം എന്നിവ മൂലം തൊഴിൽ ശേഷി നഷ്ടപ്പെട്ടവരും, മാനസികാരോഗ്യ പ്രശ്നങ്ങൾ മൂലം തൊഴിൽ എടുക്കാൻ കഴിയാത്തവരുമുണ്ട്. കൂടാതെ 80 ശതമാനത്തിലധികം ശാരീരിക പരിമിതികളുള്ള ഭിന്നശേഷിക്കാർക്കും സ്ഥിരവരുമാനം ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതിനാൽ തന്നെ, ആരോഗ്യ ദുസ്ഥിതി കേരളത്തിൽ അതിദാരിദ്ര്യത്തിലേക്ക് നയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നായി കണക്കാക്കേണ്ടതാണ് എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കുടുംബങ്ങളുടെ അടിസ്ഥാന അതിജീവനത്തിന് തടസ്സമായി പ്രവർത്തിക്കുന്ന ഈ നാല് ഘടകങ്ങളെയാണ് എല്ലാ കുടുംബങ്ങൾക്കും ബാധകമായ പൊതു സൂചകങ്ങളായി പരിഗണിച്ചിരിക്കുന്നത്.

അതിദാരിദ്ര്യം എന്നത് കേവലം സാമ്പത്തിക വരുമാനത്തിന്റെ അഭാവമല്ല; അവസരങ്ങളുടെയും പ്രതീക്ഷകളുടെയും അഭാവം കൂടിയാണ്. അതുകൊണ്ടുതന്നെ, വരുമാനമാർഗങ്ങളില്ലാതെ അതിദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങൾക്ക് സ്വന്തം കഴിവുകൾ വികസിപ്പിച്ച് സാമ്പത്തിക സ്വാശ്രയത്വം നേടാനുള്ള സഹായം നൽകുക എന്നതാണ് അവരുടെ ജീവിതത്തിൽ സ്ഥിരമായ മാറ്റം സൃഷ്ടിക്കുന്ന ഏറ്റവും ഫലപ്രദമായ ഇടപെടൽ. ചെറുകിട വ്യാപാരം, മത്സ്യബന്ധനം, തയ്യൽ, ഭക്ഷ്യസംസ്കരണം, കൃഷി, കരകൗശല നിർമ്മാണം തുടങ്ങിയ വരുമാനദായക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം, ഉപകരണങ്ങൾ, പ്രാരംഭ മൂലധനം എന്നിവ നൽകുമ്പോൾ, അവർക്ക് സ്വന്തം കാലിൽ നിൽക്കാനും ആത്മാഭിമാനത്തോടെ ജീവിക്കാനും കഴിയും. ദാനധർമ്മം താത്കാലിക ആശ്വാസം നൽകുമ്പോൾ, ഉപജീവന പ്രവർത്തനങ്ങൾ ദാരിദ്ര്യത്തിന്റെ ചങ്ങലകൾ തകർക്കുന്ന ദീർഘകാല പരിഹാരമാണ്.

ഈ സമീപനത്തിന്റെ ഭാഗമായി, വരുമാനം ഇല്ലാതെ കഷ്ടത അനുഭവിച്ചിരുന്ന കുടുംബങ്ങളിൽ നിന്ന് സ്വയം വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശേഷിയുള്ള അതിദരിദ്ര കുടുംബങ്ങൾക്ക് സഹായം നൽകാനും 2023 ഒക്ടോബറിൽ അതിദരിദ്ര

| | | | |
|---|---|---|---|
| | | | പട്ടികയിൽ ഉൾപ്പെട്ട വരുമാനം ക്ലേശഘടകമുള്ള കുടുംബങ്ങൾക്കായി കുടുംബശ്രീ മിഷൻ ആരംഭിച്ച 'ഉജ്ജീവനം' പദ്ധതിയിലൂടെ അർഹരായവർക്ക് സഹായം നല്കാനും ഇതിന് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും മറ്റ് വകുപ്പുകൾ വഴിയും സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയും ധനസഹായവും പരിശീലനവും നൽകാനും സാധിച്ചു. അതോടൊപ്പം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 34,672 അതിദരിദ്ര കുടുംബങ്ങൾക്ക് തൊഴിൽ കാർഡുകൾ നൽകുകയും, വിവിധ സാമ്പത്തിക വർഷങ്ങളിലായി വ്യാപകമായി തൊഴിൽ നൽകുകയും ചെയ്തു. അഞ്ച് സാമ്പത്തിക വർഷങ്ങളിൽ കൂടി 77 കോടി രൂപയ്ക്ക് മുകളിൽ വേതനമായി വിതരണം ചെയ്യാനും, 228 ജീവനോപാധികൾ (കന്നുകാലി ഷെഡ്ഡുകൾ, ആടിൻകൂട്ടകൾ, കോഴിക്കൂട്ടകൾ, കിണറുകൾ, മഴക്കുഴികൾ, വ്യക്തിഗത കക്കൂസുകൾ എന്നിവ) അതിദരിദ്ര കുടുംബങ്ങൾക്ക് നൽകാനും കഴിഞ്ഞു. ഇതെല്ലാം ചേർന്ന് വ്യക്തമാക്കുന്നത്, അതിദാരിദ്ര്യത്തെ വരുമാനക്കുറവായി മാത്രം കാണാതെ, ശേഷികളുടെ അഭാവവും അടിസ്ഥാന സ്വാതന്ത്ര്യങ്ങളുടെ നിഷേധവും ഉൾക്കൊള്ളുന്ന ബഹുമാനദണ്ഡ പ്രശ്നമായി സമീപിക്കുമ്പോഴാണ് ഫലപ്രദമായ പരിഹാരങ്ങൾ സാധ്യമാകുന്നത് എന്നതാണ്. |
| (ബി) | കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ ദാരിദ്ര്യം ഗണ്യമായി കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; അവശേഷിച്ചവരെക്കൂടി കണ്ടെത്തി അതിദാരിദ്ര്യം നിർമാർജനം ചെയ്യാനുള്ള പദ്ധതിയിലൂടെ കേരളം ചരിത്രനേട്ടം കൈവരിച്ചതായി കണക്കാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലും ദാരിദ്ര്യം ലഘൂകരിക്കുന്നതിലും ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. സംസ്ഥാനത്തെ ദാരിദ്ര്യത്തിന്റെ തോത്, കഴിഞ്ഞ 40 വർഷത്തിനിടയിൽ ഗണ്യമായി കുറയ്ക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 1973-1974-ൽ 59.8 ശതമാനമായിരുന്ന ദാരിദ്ര്യ നിരക്കെങ്കിൽ, 1993-1994-ൽ അത് 25.4 ശതമാനമായും 2011-2012-ൽ 11.3 ശതമാനമായും കുറയ്ക്കുവാൻ നമുക്ക് കഴിഞ്ഞു. നീതി ആയോഗിന്റെ കണക്കുകൾ അനുസരിച്ച് രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. 2021-ൽ കേരളത്തിലെ ജനസംഖ്യയുടെ 0.7%-വും 2023-ൽ 0.55%-വും മാത്രമായിരുന്നു ദരിദ്രരുടെ കണക്കായി നീതി ആയോഗ് കണ്ടെത്തിയത്. സംസ്ഥാനത്ത് നടപ്പിലാക്കിയ ആശ്രയ പോലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പരിധിയിൽ പെടാത്തതും അതിജീവനത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, സുരക്ഷിത താമസസ്ഥലം, അടിസ്ഥാന വരുമാനം) നേടിയെടുക്കാൻ പോലും കഴിയാതെ പോകുന്ന, |

| | | | |
|---|---|---|---|
| | | | അതിജീവനം തന്നെ പ്രതിസന്ധിയിൽ ആയ വിഭാഗം ആണ് അതിദരിദ്രർ.<br><br>സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുകയും അദൃശ്യരായി കഴിയുകയും ചെയ്തവരെ കണ്ടെത്തി, അവരെ ഈ പദ്ധതിയുടെ ഭാഗമാക്കി എന്നതാണ് ഈ പദ്ധതിയുടെ നേട്ടം. മറ്റ് സംസ്ഥാനങ്ങളും രാജ്യങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ അതിദാരിദ്ര്യ നിർമ്മാർജ്ജനം ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കി അവസാനത്തെ അതിദരിദ്രനെയും അതിൽ നിന്ന് മോചിപ്പിയ്ക്കുക വഴി, മറ്റേതൊരു വികസന പരിപാടിയിൽ എന്ന പോലെ മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും കേരളം ഒരു മാതൃകയാവുക എന്ന സന്ദേശമാണ് നൽകുന്നത്. |
| (സി) | വിവിധ വകുപ്പുകൾ നൽകുന്ന നിലവിലുള്ള എല്ലാ സാമൂഹ്യക്ഷേമ പദ്ധതികളെയും സേവനങ്ങളെയും അതിദാരിദ്ര്യനിർമാർജന പദ്ധതിയുടെ കുടക്കീഴിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ടോ;<br>വിശദമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പ് നോഡൽ ഏജൻസിയായാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി വിജയമാക്കുന്നതിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ്, ഗതാഗത വകുപ്പ്, റവന്യൂ വകുപ്പ്, കുടുംബശ്രീ മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പട്ടികജാതി വികസന വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ, ഫിഷറീസ് വകുപ്പ്, KSEB, കേരള വാട്ടർ അതോറിറ്റി, ശുചിത്വ മിഷൻ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ സഹായകരമായി. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട് ടി വകുപ്പുകളുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **ആരോഗ്യ വകുപ്പ്** – അതിദരിദ്രർക്ക് ചികിത്സയും മരുന്നും വാതിൽപ്പടി സേവനം വഴി നൽകുന്നതിനും പാലിയേറ്റീവ് ചികിത്സ, ആരോഗ്യ ഇൻഷ്വറൻസ് കാർഡുകൾ, ഭിന്നശേഷിക്കാർക്ക് സർട്ടിഫിക്കറ്റുകൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ എത്തിക്കുന്നതിൽ ആരോഗ്യ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തി. അതിദരിദ്രരുടെ ആരോഗ്യ പ്രശ്നങ്ങൾ അവരുടെ വീടുകൾ മാസത്തിൽ രണ്ടുതവണ സന്ദർശിച്ച് വിലയിരുത്താൻ ആരോഗ്യ വകുപ്പിന്റെ |

നേതൃത്വത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ASHA പ്രവർത്തകർ ഉൾപ്പെടെ പ്രത്യേക ടീമുകൾ രൂപീകരിച്ചു. ഓരോ വ്യക്തിയുടെയും ആരോഗ്യ സ്ഥിതി മനസ്സിലാക്കി ആവശ്യമായ ചികിത്സ നൽകി ഇടതടവില്ലാത്ത മരുന്ന് വിതരണം ഉറപ്പാക്കി. അവയവ മാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ജീവൻ രക്ഷിക്കപ്പെട്ട ഏഴ് രോഗികൾക്ക് സ്ഥിരമായ ചികിത്സ നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

2. **സിവിൽ സപ്ലൈസ് വകുപ്പ്** - 5,132 കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്തു. കൂടാതെ ഭക്ഷണം ആവശ്യമുള്ളവരിൽ സ്വയം പാകം ചെയ്യാൻ കഴിയുന്നവർക്ക് ഭക്ഷ്യ കിറ്റുകൾ റേഷൻ കടകൾ വഴി നൽകുന്നുണ്ട്.

3. **വിദ്യാഭ്യാസ വകുപ്പ്** - അതിദരിദ്ര കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യകതകൾക്ക് വേണ്ട പിന്തുണ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി. 16 വയസ്സ് വരെ പഠന സാമഗ്രികൾ, തൊപ്പികൾ, ബാഗുകൾ രണ്ട് നേരം ഭക്ഷണം, സ്കോളർഷിപ്പുകൾ, എന്നിവ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നതിനായി വിദ്യാഭ്യാസ വകുപ്പ് 2 കോടി പ്രത്യേകമായി വകയിരുത്തി.

4. **ഗതാഗത വകുപ്പ്** - വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള യാത്രയ്ക്കായി അതിദരിദ്ര കുടുംബങ്ങളിലെ 2323 വിദ്യാർത്ഥികൾക്ക് KSRTC ബസ്സുകളിൽ സൗജന്യ യാത്ര പാസ് നൽകി.

5. **സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാ-ശിശു വികസന വകുപ്പിന്റെയും** പിന്തുണയോടെ ഏകാംഗ കുടുംബങ്ങളെ സുരക്ഷിതമായി ഷെൽട്ടർ ഹോമുകളിൽ മാറ്റി പാർപ്പിച്ചു. ഇതുവരെ 428 ഏകാംഗ കുടുംബങ്ങളെയും 520 മറ്റ് കുടുംബങ്ങളെയും ഷെൽട്ടർ ഹോമുകളിലേക്ക് മാറ്റിയിട്ടുണ്ട്.

6. **റവന്യൂ വകുപ്പ്** - സർക്കാർ ഉടമസ്ഥതയിലുള്ള അധിക ഭൂമി/മിച്ച ഭൂമി പതിച്ച് നൽകുമ്പോൾ അതിദരിദ്ര വിഭാഗത്തിന് മുൻഗണന നൽകാൻ റവന്യൂ വകുപ്പ് 22.03.2025-ന് L1/35/2025-റവന്യൂ നമ്പർ സർക്കുലർ പുറത്തിറക്കി. റവന്യൂ വകുപ്പിന്റെ ഇടപെടൽ വഴി, ജില്ലയിൽ മറ്റ് വകുപ്പുകൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ നിലവിൽ ഉപയോഗത്തിലല്ലാത്തതും ഭാവിയിൽ ഉപയോഗിക്കപ്പെടാൻ സാധ്യതയില്ലാത്തതുമായ ഭൂമി അതിദരിദ്ര വിഭാഗത്തിന് നിലവിലെ ഭൂമി പതിവ് വ്യവസ്ഥകൾക്ക് വിധേയമാക്കി നൽകാനും, സുനാമി പുനരധിവാസ പദ്ധതിയിൽ നിർമ്മിച്ച ഫ്ലാറ്റുകളിൽ

ഒഴിഞ്ഞ് കിടക്കുന്നവ ഭൂമിയും വീട്ടും ആവശ്യമായ അതിദരിദ്ര വിഭാഗത്തിന് നൽകുവാനും 15.04.2025-ലെ 98/2025/Rev നമ്പർ സർക്കാർ ഉത്തരവ് വഴി ജില്ലാ കലക്ടർമാർക്ക് അധികാരം നൽകി. റവന്യൂ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്ത് ആകെ 439 കുടുംബങ്ങൾക്കായി മൊത്തം 2832.645 സെന്റ് ഭൂമി കണ്ടെത്തി.

7. **കുടുംബശ്രീ മിഷൻ -** പദ്ധതിയുടെ ആദ്യ ഘട്ടമായ വിവരശേഖരണ പ്രക്രിയ മുതൽ കുടുംബശ്രീ സംഘടനാ സംവിധാനം ശക്തമായ പിന്തുണയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്ക് നൽകിയത്. അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് കുടുംബശ്രീ ജനകീയ ഹോട്ടലുകൾ മുഖേനയാണ് പാകം ചെയ്ത ഭക്ഷണം നൽകിയത്. ഭക്ഷണം ആവശ്യമുള്ള മുഴുവൻ പേർക്കും അത് നൽകുവാൻ കഴിഞ്ഞുവെങ്കിലും ആയത് എല്ലാവർക്കും എല്ലാ നേരവും ലഭിയ്ക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് കുടുംബശ്രീയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിദരിദ്രരിൽ സുസ്ഥിര വരുമാനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി സർക്കാർ രൂപീകരിച്ച 'ഉജ്ജീവനം' പദ്ധതി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കിയത്. 2023 ഒക്ടോബറിൽ ആരംഭിച്ച ഈ ക്യാമ്പയിന്റെ ഭാഗമായി സ്വന്തമായി വരുമാനം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേണ്ട ധനസഹായവും പിന്തുണയും നൽകി. തൊഴിൽ പരിശീലനം, മൈക്രോഫിനാൻസ്, സംരംഭകത്വ പിന്തുണ, തൊഴിൽ സേവനങ്ങൾ എന്നിവയ്ക്കുള്ള അവസരം നൽകുന്നതിലൂടെ, അതിദരിദ്രരുടെ കുടുംബാംഗങ്ങൾക്ക് പരിശീലനം നൽകുവാനും ആസ്തികൾ സൃഷ്ടിക്കുവാനും അവരുടെ വരുമാന ശേഷി വർദ്ധിപ്പിക്കാനും പ്രാപ്തമാക്കി. ഇത് അതിദരിദ്ര കുടുംബങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുകയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തരാക്കുകയും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യ സംരക്ഷണത്തിനും വേണ്ട ചെലവുകൾ കണ്ടെത്തുവാനും അവരെ പ്രാപ്തരാക്കുകയും ചെയ്തു. ഇതിൽ വനിതകൾക്ക് അവരുടെ വീടുകളിൽ തന്നെ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ വഴിയൊരുക്കിയതിലൂടെ അവരെ ശാക്തീകരിയ്ക്കുന്നതിലും കുടുംബശ്രീ വലിയ പങ്കാണ് വഹിച്ചത്. 3,820 കുടുംബങ്ങൾക്ക് കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന 'ഉജ്ജീവനം' പദ്ധതി വഴി വരുമാനദായക

പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായം നൽകി കഴിഞ്ഞു.

8. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി** - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 34672 അതിദരിദ്ര കുടുംബങ്ങൾക്ക് അവിദഗ്ധ തൊഴിലിനായി തൊഴിൽ കാർഡുകൾ നൽകുകയും, വിവിധ സാമ്പത്തിക വർഷങ്ങളിലായി വ്യാപകമായി തൊഴിൽ നൽകുകയും ചെയ്തു.

9. **രജിസ്ട്രേഷൻ വകുപ്പ്** - അതിദരിദ്രർക്ക് വസ്തു വാങ്ങുന്നതിനും സംഭാവന ലഭിക്കുന്ന ഭൂമിയുടെ കാര്യത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകി.

10. **സാമൂഹ്യ സുരക്ഷാ മിഷൻ** - സാമൂഹ്യ സുരക്ഷാ മിഷന്റെ "സ്നേഹപൂർവ്വം" പദ്ധതി മുഖേന അതിദരിദ്ര കുടുംബങ്ങളിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട 331 കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചു. കൂടാതെ ഭിന്നശേഷിയുള്ള വ്യക്തികൾ എല്ലാവർക്കും UDID കാർഡുകൾ നൽകി.

11. **ഫിഷറീസ് വകുപ്പ്** - തീരദേശവാസികളായ അതിദരിദ്രർക്ക് മരുന്നും ആഹാരവും മറ്റ് ആവശ്യ സാധനങ്ങളും നൽകുന്നതിനും, വസ്തുവും വീടും ആവശ്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ "പുനർഗേഹം" പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിതമായ പാർപ്പിടം നൽകുന്നതിനും നടപടി സ്വീകരിച്ചു.

12. **KSEB** - 331 അതിദരിദ്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകി.

13. **കേരള വാട്ടർ അതോറിറ്റി** - കേരള വാറ്റർ അതോറിറ്റി 823 ഗുണഭോക്താക്കൾക്ക് ശുദ്ധജല വിതരണ കണക്ഷൻ ലഭ്യമാക്കി.

14. **ശുചിത്വ മിഷൻ** - 1181 കുടുംബങ്ങൾക്ക് ടോയിലറ്റ് സൗകര്യവും 20 കുടുംബങ്ങൾക്ക് മാലിന്യ നിർമാർജന സൗകര്യവും നൽകി.

**5. ലൈഫ് മിഷൻ** - അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട വീട് മാത്രം ആവശ്യമുള്ള 4677 കുടുംബങ്ങൾക്കും വസ്തുവും വീടും ആവശ്യമുള്ള 2713 കുടുംബങ്ങൾക്ക് സ്ഥലം ലഭ്യമാകുന്ന മുറക്കും വീട് നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കേണ്ടത് ലൈഫ് മിഷൻ മുഖേനയാണ്. ഇപ്രകാരം വീട് മാത്രം ആവശ്യമുള്ള 4677 കുടുംബങ്ങളിൽ 4005 കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ വീട്

| | | | | |
|---|---|---|---|---|
| | | | | നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ബാക്കി 672 വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണുള്ളത് ഇവരെ ബന്ധുവീടുകളിലും വാടക വീടുകളിലും സുരക്ഷിതമായി താമസിപ്പിച്ചിട്ടുണ്ട്. വീടും സ്ഥലവും ആവശ്യമുള്ള 2713 കുടുംബങ്ങളിൽ 1417 കുടുംബങ്ങളുടെ വീട് പണി പൂർത്തിയാക്കി പുതിയ വീട് നൽകുന്നതിനും സാധിച്ചിട്ടുണ്ട്. ബാക്കി 1296 വീടുകളുടെ പണി വിവിധ ഘട്ടങ്ങളിൽ പുരോഗതിയിലുമാണ്. വീട് പണി പൂർത്തിയാക്കാനുള്ള 1296 കുടുംബങ്ങളെ ബന്ധുവീടുകളിൽ / വാടക വീടുകളിൽ സുരക്ഷിതമായി താമസിപ്പിച്ചിട്ടുണ്ട്.<br><br>റവന്യൂ വകുപ്പിന്റെ 22.03.2025-ലെ L1/35/2025-റവന്യൂ നമ്പർ സർക്കുലർ പ്രകാരം വീടും സ്ഥലവും ആവശ്യമുള്ള 2713 കുടുംബങ്ങളിൽ 439 കുടുംബങ്ങൾക്കായി 2832.645 സെന്റ് ഭൂമി കണ്ടെത്തുകയും റവന്യൂ വകുപ്പ് ഭൂരഹിത അതിദരിദ്രർക്ക് പതിച്ചുനല്കുകയും ചെയ്തിട്ടുണ്ട്. മനസ്സോടിത്തിരി മണ്ണ് സ്പോൺസർഷിപ്പ് എന്നിവ മുഖാന്തിരവും ഭൂമി കണ്ടെത്തി നല്കിയിട്ടുണ്ട്.<br><br>കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലായി 7 അവയവമാറ്റം ആവശ്യമുള്ള അതിദരിദ്ര ഗുണഭോക്താക്കൾക്ക് അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനും അവയവ മാറ്റത്തിനായി സർക്കാർ ധനസഹായമായി 4 ലക്ഷം രൂപയും, സ്പോൺസർഷിപ്പ് , ചാരിറ്റി സംഘടനകൾ എന്നിവ മുഖാന്തിരം 1.53 കോടി രൂപയും ധനസമാഹരണം നടത്തി നൽകുന്നതിനും സാധിച്ചിട്ടുണ്ട്.<br>ബഹു. മുഖ്യ മന്ത്രിയും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും അവലോകന യോഗങ്ങൾ നടത്തി വകുപ്പുതല ഏകോപനം സാദ്ധ്യമാക്കുന്നതിനും പ്രശ്നപരിഹാരത്തിനുമുള്ള നടപടികൾ അതാതു സമയം സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ